പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻനായർ) :

(എ) സ്റ്റേറ്റിൽ ആകെ 122 വിഷവൈദ്യശാലകളും ഉണ്ട്.

(ബി) അവയിൽ രണ്ടു വിഷവൈദ്യ ആശുപത്രികളും അഞ്ചു വിഷവൈദ്യഡിസ്പെൻസറികളും ഗവണ്മെന്റ് നേരിട്ടു നടത്തുന്നു. 115 എണ്ണത്തിനു ഗ്രാൻറ് നൽകുന്നു.

(സി) ഈ കാര്യത്തിൽ യാതൊരു പദ്ധതിയും ഗവണ്മെൻറ് രൂപീകരിച്ചിട്ടില്ല. എന്നാൽ ആവശ്യം അനുസരിച്ചും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുക അനുസരിച്ചും വിഷവൈദ്യശാലകൾക്ക് ഗ്രാൻറ് നൽകുന്നുണ്ട്.

(ഡി) ഗ്രാൻറ് അനുവദിക്കുന്ന അവസരത്തിൽ ഗ്രാൻറിനു കൂടുതൽ ആവശ്യകതയും അർഹതയുമുള്ള സ്ഥലങ്ങൾക്കും സ്ഥാപനങ്ങൾക്കും ഗവണ്മെൻറ് മുൻഗണന നൽകുന്നുണ്ട്.

തടിലേലം.

* 508, [18] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ (1963–64) ഡിസംബർ അവസാനംവരെ വനത്തിൽനിന്നും തടി ലേലം ചെയ്തും മറ്റും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(ബി) വനത്തിലെ മറ്റു വിഭവങ്ങളിൽനിന്നും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(സി) നമ്മുടെ വനസമ്പത്തുകൾ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ് എത്ര നടപടികൾ എടുത്തിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) തടിവില്പനയിൽനിന്നുമുള്ള വരുമാനം 3,10,57,428 രൂപയാണ്.

(ബി) മറ്റു വിഭവങ്ങളിൽനിന്നുമുള്ള വരുമാനം 31,11,530 രൂപയാണ്.

(സി) വനങ്ങൾ വളരെയധികം തെളിച്ചു, തേക്ക്, യൂക്കാലിപ്റ്റസ് വെള്ള മരങ്ങൾ (Softwood) മുതലായ വിലപിടിപ്പുള്ള പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ.

* 509. [22] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മൊത്ത വ്യാപാര ഉപഭോക്തൃസഹകരണസ്റ്റോറുകൾ ഈ സംസ്ഥാനത്തു് എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിനും ഗവണ്മെൻറ് നൽകിയിട്ടുള്ള ലോണും, ഗ്രാൻറും തുകയെത്ര ;

(സി) പ്രവർത്തനം ആരംഭിക്കാത്തവ എപ്പോൾ ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഒൻപതു്.

(ബി)

	ഷെയർ ക്യാപിറൽ ലോൺ	ക്യാഷ് ക്രെഡിറ്റു് ലോൺ	മാനേജീരിയൽ സബ്സിഡി
(1) തിരുവനന്തപുരം ഡിസ്ട്രിക്റ്റു് മൊത്ത വ്യാപാര സ്റ്റോർ	60,000	1,25,000	2,158.33
(2) കൊല്ലം ഡിസ്ട്രിക്റ്റു് മൊത്തവ്യാപാരസ്റ്റോർ	,,	,,	,,
(3) ആലപ്പുഴ ടൗൺ മൊത്ത വ്യാപാരസ്റ്റോർ	57,000	,,	1,072.00
(4) കോട്ടയം മൊത്ത വ്യാപാരസ്റ്റോർ	30,000	,,	,,
(5) എറണാകുളം മൊത്തവ്യാപാര സ്റ്റോർ	60,000	1,25,000	2,395.16
(6) തൃശ്ശൂർ മൊത്തവ്യാപാര സ്റ്റോർ	60,000	,,	1,169.35
(7) പാലക്കാടു് മൊത്തവ്യാപാരസ്റ്റോർ	44,000	,,	,,
(8) കണ്ണൂർ മൊത്തവ്യാപാര സ്റ്റോർ	60,000	,,	12,50.00
(9) കോഴിക്കോടു് മൊത്ത വ്യാപാരസ്റ്റോർ	60,000	,,	2,387.10

(സി) ഈ സംസ്ഥാനത്തേക്കു് അനുവദിച്ചിട്ടുള്ള ഒൻപതും ആരംഭിച്ചു കഴിഞ്ഞു.

വൻകിട ജലസേചനപദ്ധതികൾ

* 510. [23] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൂന്നാംപഞ്ചവത്സരപദ്ധതിയിൽ കേരളത്തിൽ പ്രവൃത്തി തുടങ്ങിയ വൻകിട ജലസേചനപദ്ധതികൾ ഏതൊക്കെയാണു് ;

(ബി) കോഴിക്കോടു് ജില്ലയിലെ കുറ്റ്യാടി ജലസേചനപദ്ധതി കൊണ്ടു് എത്ര ഏക്കർ സ്ഥലം ജലസേചനത്തിനു് ഉപകരിക്കുമെന്നാണു് കണക്കാക്കിയതു് ;

(സി) എത്ര തുക ഇതിനു് മതിപ്പുണ്ടാക്കിയിട്ടുണ്ടു് ;

(ഡി) 1963 ഡിസംബർ 31 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടു് ;

(ഈ) ഈ പദ്ധതിയുടെ പ്രോജക്റ്റു് റിപ്പോർട്ടു് സെൻട്രൽ ഗവണ്മെന്റിനു് അയച്ചുകൊടുത്തതു് എപ്പോഴാണു് ;

(എഫ്) അതിന്റെ ഒരു കാപ്പി മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly